**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഹു.കേരള നിയമസഭാ സ്പീക്കർ പൊന്നാനി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.പി.ശ്രീരാമകൃഷ്ണൻ എം.എൽ.എ.യുടെ അസംബ്ലി നിയോജകമണ്ഡല ആസ്തിവികസന പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.2878/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 12/11/2018

---

പരാമർശം :- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.04.2018 ലെ ഡിബി4/4545/18/സിഇ/തസ്വഭവ നമ്പർ കത്ത്.

<u>ഉത്തരവ്</u>

പൊന്നാനി നിയോജക മണ്ഡലം എം.എൽ.എ.യും ബഹു.കേരള നിയമസഭ സ്പീക്കറുമായ ശ്രീ.പി.ശ്രീരാമകൃഷ്ണൻ അവർകളുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് "പൊന്നാനി നഗരസഭയിലെ ഐശ്വര്യ തീയറ്റർ മുതൽ നെയ്തല്ലൂർ വരെയുള്ള റോഡ് നവീകരണം രണ്ടാം ഘട്ടം" എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം പ്രകാരം ഡി.പി.ആർ. സമർപ്പിക്കുകയും, പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു.കേരള നിയമസസഭാ സ്പീക്കറായ പൊന്നാനി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.പി.ശ്രീരാമകൃഷ്ണൻ എം.എൽ.എ.യുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി "പൊന്നാനി നഗരസഭയിലെ ഐശ്വര്യ തിയേറ്റർ മുതൽ നെയ്തല്ലൂർ വരെയുള്ള റോഡ് നവീകരണം" എന്ന പ്രവൃത്തിക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി 4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി-എ.ഡി.എസ്. എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി പ്രത്യേകാനുമതിയായി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
സിന്ധു.എൽ
സ്പെഷ്യൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, പൊന്നാനി നഗരസഭ .
~~എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.~~
ധനകാര്യ വകുപ്പ് (എൻ.സി.സി1/978/2017-ധന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.നിയമസഭാ സ്പീക്കറുടെ പി.എസ്.
ബഹു.തദ്ദേസസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.